## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4160 18.10.2011-ൽ മറുപടിയ്ക്ക്

### ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>,, പാലോട് രവി<br>,, പി.എ.മാധവൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) | കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ റീഡറായ ഡോ. ജഗതിരാജ്.പി യുടെ നേതൃത്വത്തിൽ ഡോ. സുരേഷ് റ്റി.ആർ, ശ്രീ ശങ്കർ പണിക്കർ എന്നിവർ ഉൾപ്പെടുന്ന സംഘം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനെക്കുറിച്ച് പഠിച്ച് വിലയിരുത്തിയ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫെസ്റ്റിവൽ എന്നുമുതലാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ; | (സി) | ഫെസ്റ്റിവൽ 2007 ഡിസംബർ മുതലാണ് ആരംഭിച്ചത്. |
| (ഡി) | ഓരോ വർഷവും ഇതിന് എത്ര രൂപാവീതം ചെലവഴിച്ചുഎന്നത് സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ; | (ഡി) | 2007-2008-ൽ 18,51,10,534/- രൂപയും<br>2008-2009- ൽ 23,52,85,149/- രൂപയും<br>2009-2010-ൽ 26,91,04,325/- രൂപയും<br>2010-2011-ൽ 34,35,80,503/- രൂപയും ചെലവഴിച്ചു. |

| | | | |
|---|---|---|---|
| (ഇ) | ഇതുവഴി സർക്കാർ, കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ; | (ഇ) | കഴിഞ്ഞ നാല് സീസണിലുമായി വ്യാപാര സ്ഥാപനങ്ങളുടെ പങ്കാളിത്തം ക്രമമായി വർദ്ധിച്ചു വരുന്നതിൽ നിന്ന് കേരളത്തെ അന്തർദ്ദേശീയ വാണിജ്യ കേന്ദ്രമാക്കുന്നതിനു ലക്ഷ്യമിട്ടുള്ള ഈ പദ്ധതി അതിന്റെ ലക്ഷ്യം കൈവരിച്ചു കൊണ്ടിരിക്കുന്നതായി കരുതുന്നു. കൂടുതൽ വ്യാപാര സ്ഥാപനങ്ങൾ ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്ത് വ്യാപാരം നടത്തുന്നതിനാൽ നികുതി-യിനത്തിലും സർക്കാരിന് നേട്ടമുണ്ടാ-യിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ ഉപഭോക്താക്കളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (എഫ്) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ചെലവുകൾ സംബന്ധിച്ച് എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ ? | (എഫ്) | ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ കണക്കുകൾ തയ്യാ-റാക്കുന്നത് ചാർട്ടേഡ് അക്കൗ-ണ്ടന്റാണ്. കണക്കുകൾ തത്സമയം ആഡിറ്റ് ചെയ്യാനായി മറ്റൊരു ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അക്കൗ-ണ്ടന്റ് ജനറലിന്റെ ആഡിറ്റിംഗ് അടുത്ത കാലത്ത് നടക്കുകയുണ്ടായി.. |

സെക്ഷൻ ഓഫീസർ